# ഒരു പ്രധാന അറിയിപ്പ്

ഐ.ടി@സ്കൂള്‍ എഡ്യൂബുണ്ടുവില്‍ ഉപയോഗിക്കുന്ന പല സോഫ്റ്റ്‌വെയറുകളും നമ്മുടെ ആവശ്യങ്ങള്‍ക്കനുസരിച്ചുള്ള മാറ്റങ്ങള്‍ വരുത്തി കസ്റ്റമൈസ് ചെയ്തതാണ്. (ഉദാ. Geogebra, kgeography, marble, openoffice writer, openoffice calc, phet, sunclock, xrmap, …). ഇന്റര്‍നെറ്റ് വഴിയുള്ള സോഫ്റ്റ്‌വെയര്‍ അപ്ഡേഷന്‍ മൂലമോ റീ-ഇന്‍സ്റ്റലേഷന്‍ നടത്തുക വഴിയോ ഇവയില്‍ ചില സോഫ്റ്റ്‌വെയറുകള്‍ക്ക് നാം വരുത്തിയ മാറ്റങ്ങള്‍ നഷ്ടപ്പെട്ടേക്കാം. ഇങ്ങനെ സംഭവിച്ചാല്‍ അത് പരിഹരിക്കുന്നതിനു വേണ്ടിയാണ് ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ ഡിവിഡി ( IT_at_School_Edubuntu_10.04) യില്‍ school-packages എന്ന ഫോള്‍ഡറില്‍ അത്തരം (കസ്റ്റമൈസ് ചെയ്ത) പാക്കേജുകള്‍ നല്‍കിയിട്ടുള്ളത്.

മാര്‍ബിള്‍ സോഫ്റ്റ്‌വെയറില്‍ രാജ്യങ്ങളുടെ അതിരുകള്‍ കാണുകയോ, സണ്‍ക്ലോക്ക്, കെജ്യോഗ്രഫി എന്നിവയില്‍ ഇന്ത്യയുടെ ഭൂപടം തെറ്റായി കാണുകയോ ചെയ്താല്‍ നാം കസ്റ്റമൈസ് ചെയ്ത മാപ്പുകള്‍ അതില്‍ നിന്നും മാറിയിട്ടുണ്ട് എന്ന് മനസ്സിലാക്കാം.

സോഫ്റ്റ്‌വെയര്‍ അപ്ഡേഷന്‍ മൂലം ചില കമ്പ്യൂട്ടറുകളില്‍ kgeography, marble എന്നീ സോഫ്റ്റ്‌വെയറുകള്‍ക്ക് ഇങ്ങനെ സംഭവിക്കുന്നതായി ശ്രദ്ധയില്‍ പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാന്‍ kgeography-data, marble-data എന്നി ഫയലുകള്‍ OS ഡിവിഡിയിലെ school-packages എന്ന ഫോള്‍ഡറില്‍ നിന്നോ https://www.itschool.gov.in/Downloads/kgeography-data_4_4.4.7.3-0ubuntu1_all.deb, https://www.itschool.gov.in/Downloads/marble-data_4.4.7-0ubuntu1_all.deb എന്നി ലിങ്കുകളില്‍ നിന്ന് ഡൗണ്‍ലോഡ് ചെയ്തോ ഇന്‍സ്റ്റാള്‍ ചെയ്താല്‍ മതി (ഇന്‍സ്റ്റാള്‍ ചെയ്യാന്‍ ഫയലില്‍ ഡബിള്‍ ക്ലിക്ക് ചെയ്യുക.)